നം H2/29303/13

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം

തീയതി 29/10.2013

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - സ്കൂൾ വിദ്യാർത്ഥികളുടെ യു.ഐ.ഡി വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 13.06.2013-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/29303/2013 നമ്പർ സർക്കുലർ

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഈ വർഷം (2013-14) പഠിക്കുന്ന കുട്ടികളുടെ യു.ഐ.ഡി സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ അധ്യയനവർഷം സ്കൂളുകളിൽ പഠിക്കുന്ന ഏതാണ്ടം കുട്ടികളുടെ യു.ഐ.ഡി വിശദാംശങ്ങൾ സ്കൂൾ അധികൃതർ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ്, അൺ എയിഡഡ് വിദ്യാലയങ്ങളിലെയും മുഴുവൻ കുട്ടികളുടെയും യു.ഐ.ഡി വിശദാംശങ്ങൾ അടിയന്തിരമായി ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. www.itschool.gov.in വെബ്സൈറ്റിലെ 'UID Enrolment Details' എന്ന ലിങ്കിൽ വിദ്യാർത്ഥികളുടെ യു.ഐ.ഡി വിശദാംശങ്ങൾ 05.11.2013-ന് മുമ്പ് അതത് സ്കൂൾ പ്രഥമാധ്യാപകർ ഉൾപ്പെടുത്തേണ്ടതാണ്.
2. 2013-14 അധ്യയന വർഷം സ്കൂളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്കൂളിലെ എല്ലാ കുട്ടികളുടെയും വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
3. വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് വിദ്യാലയങ്ങൾക്ക് മുമ്പ് ലഭ്യമാക്കിയിട്ടുള്ള യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് login ചെയ്ത് വിവരം ഉൾപ്പെടുത്തേണ്ടതാണ്.
4. ആധാർ എൻറോൾമെന്റ് നടത്തിയിട്ടും ഇതുവരെ യു.ഐ.ഡി ലഭിക്കാത്ത, ഇ.ഐ.ഡി (എൻറോൾമെന്റ് ഐഡി) ലഭിച്ച വിദ്യാർത്ഥികളുടെ 28 അക്ക (എൻറോൾമെന്റ് നടത്തുമ്പോൾ ലഭിക്കുന്ന രസീതിലെ 14 അക്ക നമ്പരും തീയതി, മാസം, വർഷം, മണിക്കൂർ, മിനിറ്റ്, സെക്കന്റ് ഉൾപ്പെടെയുള്ള 14 അക്കവും) ഇ.ഐ.ഡി ഓൺലൈനിൽ ചേർക്കേണ്ടതാണ്.
5. സ്കൂളിലെ എല്ലാ കുട്ടികൾക്കും യു.ഐ.ഡി ലഭ്യമാക്കുന്നതിനും അത് ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനും വീഴ്ച വരുത്തുന്ന പ്രഥമാധ്യാപകരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.
6. എ.ഇ.ഒ/ഡി.ഇ.ഒ-മാർ അവരവരുടെ അധികാരപരിധിയിലെ എല്ലാ വിദ്യാലയങ്ങളിലും ഈ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ക്രമീകരണം ഒരുക്കേണ്ടതാണ്.
7. യു.ഐ.ഡി സംബന്ധിച്ച വിശദാംശങ്ങൾക്ക് ടോൾഫ്രീ നമ്പറായ 1800 4251 1800 ഉപയോഗിക്കുക.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് @ സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
എല്ലാ സർക്കാർ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)